**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2374** **12-10-2021 - ൽ മറുപടിയ്ക്ക്**

**പതിനൊന്നാം ശമ്പളപരിഷ്കരണകമ്മീഷൻ ശിപാർശകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പതിനൊന്നാം ശമ്പളകമ്മീഷൻ നൽകിയ ശിപാർശകളിൽ സർക്കാർ ഉത്തരവായി അനുവദിക്കാതിരുന്നവ പരിശോധിക്കുവാൻ നിയോഗിച്ചിരുന്ന സെക്രട്ടറിതല കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | (എ) & (ബി) :- പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്തതും എന്നാൽ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം ആരോഗ്യ ഇതര വകുപ്പുകളിൽ അനുവദിക്കാതിരുന്നതുമായ ഉയർത്തിയ ശമ്പള സ്കെയിലുകൾ, കരിയർ അഡ്വാൻസ്മെൻറ് സ്കീം തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | (എ) & (ബി) :- പതിനൊന്നാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്തതും എന്നാൽ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവു പ്രകാരം ആരോഗ്യ ഇതര വകുപ്പുകളിൽ അനുവദിക്കാതിരുന്നതുമായ ഉയർത്തിയ ശമ്പള സ്കെയിലുകൾ, കരിയർ അഡ്വാൻസ്മെൻറ് സ്കീം തുടങ്ങിയവ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച സെക്രട്ടറിതല സമിതിയുടെ റിപ്പോർട്ട് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പതിനൊന്നാം ശമ്പള കമ്മീഷൻ നൽകിയ ശിപാർശകളിൽ ഉൾപെട്ടവയിൽ ജീവനക്കാർക്ക് ന്യായമായും ലഭിക്കേണ്ടവ കിട്ടാതെ പോയത് സംബന്ധിച്ച് ഏതൊക്കെ വ്യക്തികളും സംഘടനകളും നിവേദനങ്ങൾ നൽകിയിരുന്നുവെന്നതിന്റെ പട്ടിക ലഭ്യമാണോ;എങ്കിൽ ലഭ്യമാക്കുമോ; | (സി) | (സി) പതിനൊന്നാം ശമ്പള കമ്മീഷൻ നൽകിയ ശിപാർശകളിൽ വന്നിട്ടുള്ള വിവിധ അനോമലികൾ സംബന്ധിച്ച് വ്യക്തികളും സംഘടനകളും സർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ 300-ഓളം നിവേദനങ്ങൾ നിലവിൽ ലഭ്യമായിട്ടുണ്ട്. |
| (ഡി) | ലഭിച്ച നിവേദനങ്ങളിൽ സെക്രട്ടറിതല സമിതി പരിഗണിച്ചവ എത്രയെന്നും ആയതിൽ അനുവദിക്കാമെന്ന് ശിപാർശ നല്കിയതും നിരസിച്ചതും എത്രവീതമെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (ഡി) | (ഡി)&(ഇ) വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിച്ച നിവേദനങ്ങളുടെ പരിശോധന സെക്രട്ടറിതല സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടാത്തതിനാൽ ആയവ കമ്മിറ്റി പരിശോധിച്ചിട്ടില്ല. ടി നിവേദനങ്ങളിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അവ |

| | | | |
|---|---|---|---|
| | | | പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിനെ തുടർന്ന് രൂപീകരിച്ച ധനകാര്യ 'അനോമലി റെക്ടിഫിക്കേഷൻ സെല്ലിന് ' കൈമാറിയിട്ടുണ്ട്. |
| (ഇ) | ലഭിച്ച നിവേദനങ്ങളിൽ സെക്രട്ടറിതലസമിതി നിരസിച്ചവയും എന്നാൽ പതിനൊന്നാം ശമ്പളകമ്മീഷൻ നൽകിയ ശിപാർശകളിൽ ഉൾപ്പെട്ടിരുന്നവയുമായ, ജീവനക്കാർക്ക് ന്യായമായും ലഭിക്കേണ്ട ആനുകൂല്യങ്ങൾ, നൽകുവാൻ തയ്യാറാവുമോ; ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ? | (ഇ) | (ഡി)&(ഇ) വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിച്ച നിവേദനങ്ങളുടെ പരിശോധന സെക്രട്ടറിതല സമിതിയുടെ പരിഗണനാ വിഷയത്തിൽ ഉൾപ്പെടാത്തതിനാൽ ആയവ കമ്മിറ്റി പരിശോധിച്ചിട്ടില്ല. ടി നിവേദനങ്ങളിൻമേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അവ പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിനെ തുടർന്ന് രൂപീകരിച്ച ധനകാര്യ 'അനോമലി റെക്ടിഫിക്കേഷൻ സെല്ലിന് ' കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ